**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **11-02-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ഭൂമിയിൽ ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കായി 1997-ൽ കളക്ടറുടെ ഉത്തരവ് പ്രകാരം വാങ്ങിയതും വർഷങ്ങളായി ഉപയോഗിക്കാത്തതുമായ 1.87 ഏക്കർ ഭൂമിയിൽ ഉപയോഗയോഗ്യമായ ഒരേക്കർ ഭൂമിയിൽ അർഹരായ ഗുണഭോക്താക്കൾക്ക് വാസഗൃഹം ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഞാറക്കൽ ഗ്രാമ പഞ്ചായത്തിലെ ഭൂരഹിത ഭവന രഹിതരായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് വിതരണം ചെയ്യുന്നതിനായി 53/1997-ലെ ബഹു. എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം 187.793 സെന്റ് വാങ്ങിയതിൽ ഒരേക്കർ ഭൂമി വാസയോഗ്യമാക്കിയിട്ടുണ്ട്. ബാക്കി 88 സെന്റിലേക്ക് പ്രവേശിക്കണമെങ്കിൽ പാലം നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷമേ സാധ്യമാകൂ. ആയതിന് ശേഷം ഭൂമി അഭിവൃദ്ധിപ്പെടുത്തി വിതരണം ചെയ്യാവുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമിയുടെ ചുറ്റും തോടുകളും ചെമ്മീൻ ബണ്ടുകളും നിലനിൽക്കുന്നതിനാൽ CRZ പരിധിയിൽ വരുന്നതുകൊണ്ട് അഭിവൃദ്ധിപ്പെടുത്തിയ ഭൂമി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. CRZ പരിധിയിൽപ്പെട്ട പ്രസ്തുത ഭൂമിയിൽ പ്രത്യേക ഇളവു നൽകി വീട് നിർമ്മാണം അനുവദിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി അഭ്യർഥിച്ചിട്ടുണ്ട്. |
| (ബി) | ബാക്കിയുള്ള ഭൂമി ഉപയോഗ്യമാക്കുന്നതിനായി പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഭൂമി സി.ആർ.ഇസഡ്. പരിധിയിൽപ്പെട്ടതിനാൽ വീട് നിർമ്മാണത്തിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഇളവ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത ഭൂമി CRZ പരിധിയിൽപ്പെട്ടതിനാൽ വീട് നിർമ്മാണത്തിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ